# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2733 9-3-2017 ൽ മറുപടിക്ക്

## പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ ക്ഷേമ പദ്ധതികൾ

| | ചോദ്യം<br>ശ്രീ. പി.കെ. ശശി | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| എ) | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ ക്ഷേമ പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിൽ കഴിഞ്ഞ 5 വർഷക്കാലമായി വന്നിട്ടുള്ള അപാകതകളും ഉദ്യോഗസ്ഥ വീഴ്ചകളും എന്താണെന്ന് ഈ സർക്കാർ പരിശോധിച്ചുവോ ? വിശദാംശം ലഭ്യമാക്കുമോ ? | എ | പട്ടികവർഗ്ഗ വികസന വകുപ്പിലെ ചില പദ്ധതികളിലെ നടത്തിപ്പിൽ പാകപിഴകൾ സംഭവിച്ചിട്ടുള്ളതായി ആക്ഷേപം ഉയർന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിലും ധനകാര്യപരിശോധന വിഭാഗം മുഖേനയും അന്വേഷിച്ച് നടപടി സ്വീകരിച്ചുവരുന്നു.<br>ജനനീ ജന്മരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ധനവിനിയോഗത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് സ.ഉ.(കൈ)നം. 64/16/പജ.പവ.വിവ തീയതി 10..08..2016 പ്രകാരം പദ്ധതി നടത്തിപ്പ് സമയത്ത് അസി.ഡയറക്ടർ (വിദ്യാ) ചുമതലയുള്ള ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും സസ് പെന്റ് ചെയ്തു കൊണ്ട് ഉത്തരവായിട്ടുണ്ട്.<br>പദ്ധതികൾ യഥാ സമയം നടപ്പിലാക്കുന്നതിൽ ഈ ആഫീസിന്റെ ഭാഗത്തു നിന്നും വീഴ്ചകൾ ഉണ്ടായിട്ടില്ല. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചാണ് വിതരണം ചെയ്തിട്ടുള്ളത് കഴിഞ്ഞ അഞ്ച് വർഷക്കാലവും ലഭ്യമായ ഫണ്ട് പൂർണ്ണതോതിൽ ചെലവഴിച്ചിട്ടുണ്ട്.<br>പട്ടികജാതി വികസന വകുപ്പിൽ പാലക്കാട് മെഡിക്കൽ കോളേജിലെ നിയമനങ്ങളെ സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിക്കുകയും ആയത് ഇപ്പോൾ വിജിലൻസ് പരിഗണനയിലുമാണ്. കൂടാതെ, ഐ.ടി.ഐ.കളിൽ ഗുണനിലവാരമില്ലാത്ത ഫർണിച്ചറുകളും |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

| | | | |
|---|---|---|---|
| | | | ഉപകരണങ്ങളും വാങ്ങിയത് ഇടുക്കി, മണ്ണാർക്കാട്, കട്ടപ്പന ബ്ലോക്കുകളിൽ ഭൂരഹിത ഭവനരഹിത പദ്ധതി നടപ്പാക്കിയത് എന്നിവ സംബന്ധിച്ച അപാകതകൾ പരിശോധിച്ച് വരികയാണ്. പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ഓരോ വിഭാഗത്തിലും വിദ്യാഭ്യാസാനുകൂല്യം ലഭിക്കാനുള്ള വിദ്യാർത്ഥികൾ എത്ര വീതമാണെന്നും എത്ര കുട്ടികൾക്ക് വീതം ആനുകൂല്യം ലഭ്യമാക്കി എന്നും കഴിഞ്ഞ 5 വർഷത്തെ കണക്ക് ലഭ്യമാക്കുമോ ? | ബി) | <u>പട്ടികജാതി വികസന വകുപ്പ്</u><br>വിദ്യാർത്ഥികളുടെ വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br><u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br>വിദ്യാർത്ഥികളുടെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.<br><u>പിന്നോക്ക സമുദായ ക്ഷേമ വകുപ്പ്</u><br>അഞ്ചു വർഷത്തെ കണക്കു വിവരങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു. |
| സി) | പ്രസ്തുത ഇനത്തിൽ കഴിഞ്ഞ 5 വർഷങ്ങളിലായി ഓരോ വർഷവും വകയിരുത്തിയ തുക, വിതരണം ചെയ്ത തുക എന്നിവ എത്ര വീതമാണെന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ? | സി) | <u>പട്ടികജാതി വികസന വകുപ്പ്</u><br>വിവരങ്ങൾ അനുബന്ധം IV ആയി ചേർക്കുന്നു.<br><u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br>വിവരങ്ങൾ അനുബന്ധം V ആയി ചേർക്കുന്നു.<br><u>പിന്നോക്ക സമുദായ ക്ഷേമ വകുപ്പ്</u><br>വിവരങ്ങൾ അനുബന്ധം VI ആയി ചേർക്കുന്നു. |
| ഡി) | കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷവും എത്ര അപേക്ഷകൾ (വിദ്യാഭ്യാസാനുകൂല്യം) നിഷേധിച്ചുവെന്നും എന്തു കാരണങ്ങളാലാണിത് എന്നും വ്യക്തമാക്കുമോ? | ഡി) | <u>പട്ടികജാതി വികസന വകുപ്പ്</u><br>അർഹരായവരുടെ ' അപേക്ഷകളൊന്നും ഈ ആഫീസ് നിരസിച്ചിട്ടില്ല. വിശദ വിവരങ്ങൾ അനുബന്ധം VII ആയി ചേർക്കുന്നു.<br><u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br>കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നിരസിച്ച അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം VIII ആയി ചേർത്തിരിക്കുന്നു.<br><u>പിന്നോക്ക സമുദായ ക്ഷേമ വകുപ്പ്</u><br>അർഹരായവരുടെ അപേക്ഷകളൊന്നും ഈ ആഫീസ് നിരസിച്ചിട്ടില്ല. |
| ഇ) | ഇത്തരം വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന സംഘടനകൾ ഏതെല്ലാമെന്നും | ഇ) | സംഘടനകളുടെ ക്രോഡീകരിച്ച പട്ടിക സൂക്ഷിച്ചുവരുന്നില്ല. ഒട്ടനവധി പരാതികളും നിവേദനങ്ങളും ലഭിക്കുന്നുണ്ടെങ്കിലും അവ |

| | | | |
|---|---|---|---|
| | ഇവർ ഇവ സംബന്ധിച്ച് പരാതികൾ നൽകിയിരുന്നോ എന്നും ഇതിൽ മുൻ സർക്കാർ നടപടി എന്തായിരുന്നു എന്നും ഈ സർക്കാർ പ്രസ്തുത പരാതികളിന്മേൽ എന്തു തീരുമാനം നാളിതുവരെ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ? | | വിവിധ ആവശ്യങ്ങളും വിഷയങ്ങളും അടങ്ങുന്നവയാണ്.<br><br>സംഘടനകൾ**വഴി** ലഭ്യമായ പരാതികൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ